## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – *320 20.06.2019-ൽ മറുപടിയ്ക്ക്

### പ്രവാസിക്ഷേമ പദ്ധതികൾ

| ചോദ്യം<br>ശ്രീ. കെ.ജെ. മാക്സി<br>,, രാജു എബ്രഹാം<br>,, പി.വി. അൻവർ<br>,, കെ.കുഞ്ഞിരാമൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വിവിധ പ്രശ്ന ങ്ങളും പരാതികളും പരിഹരിക്കുന്നതിനുമായി ഈ സർക്കാർ ആവിഷ്കരിച്ചുവരുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എ) | സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവരുടെ അവകാശ ങ്ങൾ സംരക്ഷിക്കുന്നതിനും വിവിധ പ്രശ്നങ്ങളും പരാതികളും പരിഹരിക്കുന്ന തിനുമായി നടപ്പാക്കിയിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സാന്ത്വന പദ്ധതി<br>2. പ്രവാസി പുനരധിവാസ പദ്ധതി (NDPREM.)<br>3. സ്വപ്നസാഫല്യം<br>4. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്<br>5. പ്രവാസി നിയമസഹായ സെൽ<br>6. പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിശീലന പരിപാടി<br>7. ലോകകേരള സഭ<br>8. നോർക്ക-റൂട്ട്സിന്റെ നവീകരിച്ച കാൾ സെന്റർ<br>9. നോർക്ക-റൂട്ട്സിന്റെ നവീകരിച്ച വെബ്പോർട്ടൽ<br>10. എൻ.ബി.എഫ്.സി (നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ)<br>11. ജില്ലാപ്രവാസി പരാതി പരിഹാര കമ്മിറ്റി |

| | | | |
|---|---|---|---|
| | | | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡു വഴി നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പെൻഷൻ<br>2. കുടുംബപെൻഷൻ<br>3. അവശതാ പെൻഷൻ<br>4. മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ധനസഹായം<br>5. ചികിത്സാസഹായം<br>6. വിവാഹധനസഹായം<br>7. പ്രസവാനുകൂല്യം<br>8. വിദ്യാഭ്യാസ ആനുകൂല്യം |
| ബി) | സംസ്ഥാനത്ത് നിന്നും ഗൾഫ് രാജ്യങ്ങളിലേയ്ക്ക് ജോലി തേടി പോകുന്നവർ അജ്ഞത മൂലം കോടതി വ്യവഹാരങ്ങളിലും മറ്റ് നിയമക്കുരുക്ക കളിലുംപെട്ട് ശിക്ഷ അനുഭവിക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുമ്പോൾ അത്തരക്കാരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) | തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലു കളിൽ കഴിയുന്ന പ്രവാസി മലയാളി കൾക്ക് ആവശ്യമായ നിയമ സഹായം നൽകുന്നതിനും, വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യ മായി വരുന്ന കേരളീയ സ്ത്രീകളെ എംബ സികളിൽ എത്തിക്കുന്നതിനും ആവശ്യ മായ വാഹന ചെലവ് വഹിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് പ്രവാസി നിയമസഹായ പദ്ധതി. ഈ പദ്ധതി പ്രായോഗികമാക്കുന്നതിന്റെ ഭാഗ മായി 6 ജി. സി. സി രാജ്യങ്ങളിൽ ലീഗൽ ലെയ്സൺ ഓഫീസർമാരെ നിയമിക്കുന്ന തിനുള്ള നടപടികൾ പുരോഗമിക്കുക യാണ്. |
| സി) | തിരികെ എത്തിയ പ്രവാസികൾക്കും അവരുടെ ആശ്രിതർക്കുമായി നടപ്പിലാക്കിയ സാന്ത്വനം പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇവർക്ക് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) | തിരികെയെത്തിയ പ്രവാസികൾക്ക വേണ്ടി സർക്കാർ നടപ്പിലാക്കിയിട്ടുള്ള ദുരിതാ ശ്വാസ പദ്ധതിയാണ് സാന്ത്വന പദ്ധതി. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക വിധേയമായിട്ടാണ് സാന്ത്വന പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നത്. മരണാനന്തര ധനസഹായമായി ഒരു ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | വരെയും ചികിത്സ ധനസഹായമായി, കാൻസർ, ഹൃദയ ശസ്ത്രക്രിയ, ഗുരുതര വൃക്കരോഗം, പക്ഷാഘാതം, അപകടം മൂലമുള്ള സ്ഥിര അംഗവൈകല്യം തുടങ്ങിയവയ്ക്ക് 50,000/- രൂപ വരെയും, മറ്റു രോഗങ്ങളുടെ ചികിത്സയ്ക്ക് 20,000/- രൂപ വരെയും അനുവദിച്ച വരുന്നു. സാമ്പത്തിക മായി പിന്നോക്കമായിട്ടുള്ള തിരികെയെ ത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിനു ധനസഹായമായി 15,000/- രൂപ വരെ നൽകി വരുന്നു. പ്രവാസി കളായ കേരളീയർക്കും, അവരുടെ ആശ്രി തർക്കും അംഗവൈകല്യ പരിഹാരത്തി നായി കൃത്രിമക്കാൽ, ഊന്നുവടി, വീൽ ചെയർ മുതലായവ വാങ്ങുന്നതിനു പരമാവധി 10,000/- രൂപ വരെ ധനസഹായം നൽകുന്നു. |

**സെക്ഷൻ ഓഫീസർ**